II ഇ.ബി.XIV-കേരള നിയമസഭ/V-16

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56(* 481) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ച് സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കെ.എസ്.ഡബ്ല്യൂ.എ.എൻ. സൗകര്യം, ടെലിഫോൺ കണക്ടിവിറ്റി, യു.പി.എസ്. പവർ എന്നിവ ഉറപ്പാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു.

പദ്ധതി വിവരങ്ങൾ ഉൾപ്പെടുത്തി വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടെന്നും വ്യവസായ സംരംഭകരെ ലക്ഷ്യമിട്ട് കേരള എം.എസ്.എം.ഇ.ജി.-യോ പോർട്ടൽ-വ്യവസായ ജാലകം പദ്ധതിയും ടി വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും രജിസ്റ്റർ ചെയ്യുന്നതിന് ഓൺ ലൈൻ സംവിധാനവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. 2500-ഓളം ഏക്കർ ഭൂമി ചെറുകിട സംരംഭകർക്ക് ലഭ്യമാക്കുന്നതിനായി ലാന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നുണ്ടെന്നും ഏക ജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽ ഒരു സ്ഥിരം സെന്റർ ആരംഭിക്കുന്നതാണെന്നും ഇവ ജില്ലാതലങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് ജില്ലാ സമിതികൾ രൂപീകരിക്കണമെന്നും അപേക്ഷാ ഫോറങ്ങൾക്ക് ഏകീകൃത രൂപം നൽകുമെന്നും മന്ത്രി അറിയിച്ചു. 15100 ചെറുകിട തൊഴിൽ സംരംഭങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കാനും 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും പൂവൻതുരുത്ത് ചെറുകിട വ്യവസായ കേന്ദ്രത്തിലെ തൊഴിലാളികളുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സംരംഭകർക്ക് വിതരണം ചെയ്യുന്നതിനും

വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സംരംഭകർക്കും ഉൽപ്പാദകർക്കും ഇ-കൊമേഴ്സിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സിഡ്കോയുടെ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോണിന്റെ വികസന പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്തെ ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ചുവെന്നും കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിൽ ജ്വവലറി പാർക്ക് ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചുവെന്നും പഞ്ചായത്തുകളുടെ കൈവശഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ചാലക്കുടി താലൂക്ക് വ്യവസായ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംരംഭകർക്കെതിരെ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

57(*482) <u>സോഷ്യൽ ടൂറിസം പദ്ധതി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ശ്രീ സത്യസായി ഓർഫനേജ്

ട്രസ്റ്റിൽ ഒരു ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും 2008 മുതൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രാദേശികതല നിർവ്വഹണം ആരംഭിച്ചുവെന്നും തുടർന്ന് കേരളത്തിലെ അൻപത് തദ്ദേശഭരണ സ്ഥാപനങ്ങളെയും ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ, മുസിരിസ് എന്നീ പദ്ധതി പ്രദേശങ്ങളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനമൊട്ടാകെ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും 'ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ 112 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ടൂറിസം പദ്ധതി ആരംഭിച്ചുവെന്നും 7 സ്ഥാപനങ്ങളിൽ പ്രവർത്തനം പൂർത്തിയായി വരുന്നുണ്ടെന്നും റെസ്പോൺസിബിൾ ടൂറിസം മിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റിവർ ക്രൂയിസ് ടൂറിസം പദ്ധതി ഉൾപ്പെടെ 25 -ഓളം ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ടൂറിസം വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീ, എൻ.ജി.ഒ., സന്നദ്ധ സംഘടനകൾ, വ്യവസായികൾ, കർഷക സമിതികൾ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. അനുഷ്ഠാന-ക്ഷേത്ര-നാടൻ

കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പൂന്താനം സ്മാരകത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണെന്നും ആദിവാസി-പ്രാചീന കലാരൂപങ്ങളുടെയും കലാകാരന്മാരുടെയും സംരക്ഷണത്തിനായി രൂപീകരിച്ച 'ഉത്സവ്' വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മലബാറിലേയും ഉത്തരമലബാറിലേയും ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നും ടൂറിസം ഡെസ്റ്റിനേഷനുകൾ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് നടപടി ആരംഭിച്ചുവെന്നും ഏജന്റുമാരുടെ ചൂഷണത്തിൽനിന്നും ടൂറിസ്റ്റുകളെ രക്ഷിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

58(*483) <u>ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പൂർത്തീകരിച്ച സന്നിധാനത്തെ മാലിന്യ സംസ്കരണ പ്ലാന്റിന് നാളിതുവരെ 20,31,61,499/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ടെന്നും പ്ലാന്റ് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മാലിന്യ നിർമ്മാർജ്ജനം പൂർണ്ണതോതിൽ നടപ്പിലാക്കുന്ന വിധത്തിൽ പ്ലാന്റിന്റെ പണി സമയബന്ധിതമായി

പൂർത്തീകരിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദേവസ്വം കമ്മീഷണറുടെ നിയമനം സംബന്ധിച്ച അതൃപ്തി ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പി.പി.പി. മോഡലിൽ റോപ് വേയുടെ നിർമ്മാണം ആരംഭിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ശബരിമല ഉന്നതാധികാര സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇടത്താവളങ്ങൾ സ്ഥാപിക്കാൻ തെരഞ്ഞെടുത്ത 37 അമ്പലങ്ങളിൽ 18 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും കിഫ്ബി മുഖേന ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുമെന്നും പൈങ്കുനി ഉത്രം, വിഷു ആഘോഷങ്ങളോടനുബന്ധിച്ച് ആചാരലംഘനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. പന്തളത്തെ സമഗ്ര വികസനത്തിനാവശ്യമായ പ്രോജക്ട് തയ്യാറാക്കി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുമെന്നും ആശുപത്രിയുടെയും ഗസ്റ്റ് ഹൗസിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും അതിർത്തിയിലെ ഗ്രാമപ്രദേശങ്ങളെയും മുനിസിപ്പാലിറ്റികളെയും സംയോജിപ്പിച്ചുകൊണ്ട് തീർത്ഥാടകർക്ക് താൽക്കാലിക താമസ സൗകര്യമൊരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് ദോഷകരമല്ലാത്ത

വിധത്തിൽ മാത്രമേ ശബരിമലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയുള്ളൂവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

59(*484) ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി കടാശ്വാസ പദ്ധതി

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി 20.08.2016-ലെ ഉത്തരവ് പ്രകാരം കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നെടുത്ത അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിലും പിഴപ്പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് ബാക്കിത്തുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്നവിധം പുന:ക്രമീകരിച്ച് നൽകുമെന്നും സംസ്ഥാനത്താദ്യമായി 900 കോടി രൂപയുടെ വിദ്യാഭ്യാസ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജപ്തിഭീഷണി നേരിടുന്നവർക്ക് നിയമപരമായി ആശ്വാസം നൽകുമെന്നും ബാങ്കിന്റെ വാണിജ്യവത്കരണം ചെറുക്കത്തക്കവിധത്തിൽ ജനങ്ങൾക്കിടയിൽ ബോധവത്കരണം സംഘടിപ്പിക്കുമെന്നും നിയമലംഘനം നടത്തുന്ന പൊതു

ധനകാര്യസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4460 മുതൽ 4669 വരെയുള്ള ചോദ്യങ്ങളിൽ 114 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)